ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഏതു തീയതി മുതൽക്കാണു്. ഇങ്ങനെ ഇൻക്രിമെന്റു കൊടുക്കാൻ ഓർഡർ ഇഷ്യു ചെയ്യാൻ പോകുന്നതു്?

ശ്രീ. കെ. കുഞ്ഞമ്പു: ഇതിനുമുമ്പുതന്നെ പലർക്കും ഇൻക്രിമെന്റു കൊടുത്തിട്ടുണ്ടു്. ചില ഡിസ്ട്രിക്റ്റിൽ ഡിസ്ട്രിക്റ്റു വെൽഫെയർ ആഫീസറുടെ കല്പനപ്രകാരം ചില കേസുകൾക്കു ഇൻക്രിമെന്റു കൊടുത്തിട്ടുള്ളതു മെമ്പറുടെ അപേക്ഷപ്രകാരം സ്റ്റേ ചെയ്തു വച്ചിരിക്കുകയാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഹരിജൻവെൽഫെയർ ഡിപ്പാർട്ടുമെന്റിൽനിന്നും ടി. ടി. സിക്കു അയക്കുകയും തിരിയെ വരുമ്പോൾ അവരെ എടുക്കാതിരിക്കുകയും ചെയ്യുന്നു. ടി. ടി. സി. പാസ്സായിട്ടുവരുന്ന അദ്ധ്യാപകരെ കാലവിളംബം കൂടാതെ എടുക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഡിപ്പാർട്ടുമെന്റിൽ നിന്നും ടെമ്പററിയായിട്ടു നിയമിച്ചിട്ടുള്ളവരെ പിരിച്ചുവിടുന്നുണ്ടു്. അല്ലാതുള്ള ആറുപേർ ടി. ടി സി. ക്കു പോയിട്ടുണ്ടു്. ഇതു ഡിപ്പാർട്ടുമെന്റിൽനിന്നും നേരിട്ടു അയച്ചതല്ല. അവർ സ്വമനസ്സാലെ പോയതാണു്. ഇവരെ തിരിച്ചെടുക്കുന്ന കാര്യത്തെ പ്പറ്റി പബ്ലിക്കു സർവ്വീസു് കമ്മീഷനുമായി ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ: പൊന്നാനി താലൂക്കിൽ ഹരിജൻ വെൽഫെയർ സ്കൂളിലെ ചില ടീച്ചേഴ്സിനു കുറെ നാളത്തെ ശമ്പളം ഇതുവരെയായിട്ടും കൊടുക്കാതിരിക്കുവാൻ കാരണമെന്താണു്?

ശ്രീ. കെ. കുഞ്ഞമ്പു: അന്വേഷിക്കാം.

ശ്രീ. ഈ. പി. ഗോപാലൻ: തിരിച്ചുഎടുത്തശേഷം നിയമപ്രകാരം കിട്ടാൻ അർഹതയുള്ള കഴിഞ്ഞകാലത്തെ ശമ്പളം ഇവർക്കു തിരിച്ചുകൊടുക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യുമോ?

ശ്രീ. കെ. കുഞ്ഞമ്പു: അതിനെപ്പറ്റി പരിശോധിക്കാം.

WRITTEN ANSWERS

ട്രാൻസ്പോർട്ടു സ്പെഷ്യൽ സർവ്വീസുകൾ.

*774. [20] ശ്രീ. കെ. കുഞ്ഞപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിൽനിന്നും ഏതെല്ലാം റൂട്ടുകളിൽ സ്പെഷ്യൽ ബസ്സു് സർവ്വീസുകൾ നടത്തിയിട്ടുണ്ടു്;

(ബി) മകരവിളക്കു പ്രമാണിച്ചുള്ള ശബരിമല സ്പെഷ്യൽ സർവ്വീസിനു് എത്ര ബസ്സുകൾ ഉപയോഗിച്ചിരുന്നു;

(സി) ഈ സ്പെഷ്യൽ സർവ്വീസിനു് ബസ്സുകൾ അയക്കുന്നതിനായി സാധാരണ നടത്തിവരാറുള്ള എത്ര സർവ്വീസുകൾ നിറുത്തേണ്ടിവന്നു;

(ഡി) ഏതെല്ലാം റൂട്ടുകളിലാണു് സാധാരണ സർവ്വീസുകൾ നിറുത്തിയതു്?

(ഈ) ശബരിമല സ്പെഷ്യൽ സർവ്വീസിൽനിന്നുമുള്ള മൊത്ത വരുമാനം എത്ര രൂപയായിരുന്നു?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

LIBRARY ARCHIVES Kerala Legislative Assembly

(എ) ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.†

(ബി) 151 ബസ്സുകൾ.

(സി, ഡി) ഒരു റൂട്ടിലും സർവ്വീസുകൾ പൂർണ്ണമായി നിറുത്തേണ്ടി വന്നിട്ടില്ല. തിരുവനന്തപുരം സിറ്റി സർവ്വീസിൽ ഏതാനും ചില ട്രിപ്പുകൾ മാത്രമേ കുറക്കേണ്ടി വന്നിട്ടുള്ളൂ.

(ഈ) 3,53,266·11 രൂപ.

പബ്ലിക്കുസർവ്വീസ്സ് കമ്മീഷൻ.

✱ 775. [22] ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ ഇപ്പോൾ എത്ര മെമ്പറന്മാരുണ്ട്;

(ബി) മെമ്പറന്മാരുടെ എണ്ണം വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ;

(സി) ഇനിവരുന്ന ഒഴിവിൽ വല്ലസമുദായത്തിനും പ്രത്യേക പ്രാതിനിദ്ധ്യം കൊടുക്കുവാൻ ഗവണ്മെൻറിനു് ആലോചനയുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ,)

(എ) ചെയർമാൻ ഉൾപ്പെടെ അഞ്ചു മെമ്പറന്മാരുണ്ട്.

(ബി) ഇല്ല.

(സി) ഒഴിവിൽ നിയമനം നടത്തേണ്ട കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്.

പോലീസ് വെരിഫിക്കേഷൻ.

✱ 776 [24] ശ്രീ. പി. എസ്. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗനിയമനം സംബന്ധിച്ചുള്ള പോലീസ് വെരിഫിക്കേഷൻ ഗവണ്മെൻറുടമയിലോ, ഗവണ്മെൻറിനു ഷെയറുള്ളതോ ആയ വ്യവസായസ്ഥാപനങ്ങളിലേക്കുള്ള ജോലികൾക്കു കൂടി ഇതു് ബാധകമാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ;

(സി) ഗവണ്മെൻറു് നടത്തുന്ന ടെയിനിംഗ് കോഴ്സുകൾക്ക് എടുക്കുന്ന ടെയിനികളുടെ കാര്യത്തിൽ ഇതു് ബാധകമാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നു മുതൽ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ, ബി) പൊതു താൽപര്യത്തെ മുൻനിറുത്തി ഈ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവാഹമില്ല.

(സി) ഗവണ്മെൻറു് സർവ്വീസിൽ നിയമിക്കപ്പെടാൻ വേണ്ടി തിരഞ്ഞെടുക്കപ്പെടുന്ന ടെയിനികൾക്ക് വെരിഫിക്കേഷൻ ബാധകമാക്കിയിട്ടുണ്ട്.

(ഡി) 4–9–1961–മുതൽ.

APPENDIX IV

LIBRARY ARCHIVES Kerala Legislative Assembly

APPENDIX IV

[*Please See answer to Starred Question No.* 774 (20)]

സ്പെഷ്യൽ സർവ്വീസ് നടത്തിയ റൂട്ടുകളുടെ ലിസ്റ്റ്

1.	ആലുവാ	—	കോട്ടയം
2.	ആലുവാ	—	മൂവാറ്റുപുഴ
3.	ആലുവാ	—	പെരുമ്പാവൂർ
4.	ആലുവാ	—	കീഴ്മേട്
5.	ആലുവാ	—	ഏലൂർ
6.	ആലുവാ	—	പറവൂർ
7.	ആലുവാ	—	ചേന്ദമംഗലം
8.	ആലുവാ	—	വടക്കുംപുറം
9.	ആലുവാ	—	ചാത്തനാട്
10.	ആലുവാ	—	കുറിയാപ്പള്ളി
11.	ആലുവാ	—	ചെറായി
12.	ആലുവാ	—	വരാപ്പുഴ
13.	ആലുവാ	—	കാലടി
14.	ആലുവാ	—	ചാലക്കുടി
15.	ആലുവാ	—	പള്ളിക്കര
16.	ആലുവാ	—	മുനമ്പം
17.	ആലുവാ	—	എറണാകുളം
18.	ആലുവാ	—	എറണാകുളം—തുപ്പുണിത്തുറ
19.	കോട്ടയം	—	മരാമൺ (പുതുപ്പള്ളിവഴിയും കറുകച്ചാൽ —മല്ലപ്പള്ളി, കീഴ്വായ്പൂരുവഴിയും)
20,	തിരുവല്ലാ	—	വള്ളംകുളം
21.	വള്ളംകുളം	—	മരാമൺ
22.	എരവിപേരൂർ	—	മരാമൺ
23.	കല്ലൂപ്പാറ	—	മരാമൺ (പുറമറ്റംവഴി)
24.	മല്ലപ്പള്ളി	—	മരാമൺ (വെണ്ണിക്കുളംവഴി)
25.	വെണ്ണിക്കുളം	—	മരാമൺ
26.	റാന്നി	—	മരാമൺ (കൊട്ടത്തൂർവഴി)
27.	റാന്നി	—	മരാമൺ (അയിരൂർ തീയാടിക്കൽവഴി)
28.	ആറാട്ടുപുഴ	—	മരാമൺ (കുമ്പനാട്ടവഴി)
29.	മേപ്രാൽ	—	മരാമൺ (കുമ്പനാട്ടവഴി)
30.	തടിയൂർ	—	മരാമൺ (കുവെള്ളിക്കുളംവഴി)
31.	എടത്വ	—	മരാമൺ (കല്ലിശ്ശേരി, എരവിപേരൂർവഴി)
32.	ചെങ്ങന്നൂർ	—	ആറന്മുള—കോഴഞ്ചേരി
33.	പത്തനംതിട്ട	—	കോഴഞ്ചേരി
34.	കൊട്ടാരക്കര	—	കുഴിക്കാല—കോഴഞ്ചേരി
35.	പന്തളം	—	കിടങ്ങന്നൂർ—കോഴഞ്ചേരി.
36.	പുനലൂർ	—	കോഴഞ്ചേരി
37.	കോഴഞ്ചേരി	—	കടമ്മനിട്ട—പത്തനംതിട്ട
38.	പന്തളം	—	കൈപ്പട്ടൂർ — ഓമല്ലൂർ — മാരാമൺ
39.	റാന്നി	—	കോഴഞ്ചേരി
40.	ആലപ്പുഴ	—	അർത്തുങ്കൽ (മാരാരിക്കുളംവഴി)
41.	ആലപ്പുഴ	—	അർത്തുങ്കൽ (ചേർത്തലവഴി)
42.	എഴുപുന്ന	—	അർത്തുങ്കൽ
43.	ചേർത്തല	—	അർത്തുങ്കൽ
44.	പൂച്ചാക്കൽ	—	അർത്തുങ്കൽ (ചേർത്തലവഴി)
45.	അങ്കമാലി	—	അർത്തുങ്കൽ (ഒറവുപുന്ന — നടക്കൽവഴി)
46.	മതിപ്പുംപടി	—	അർത്തുങ്കൽ
47.	വള്ളത്തോട്	—	അർത്തുങ്കൽ

LIBRARY ARCHIVES Kerala Legislative Assembly

48.	തട്ടാഞ്ചേരി	—	അർത്തുങ്കൽ
49.	ഫോർട്ടുകൊച്ചി	—	അർത്തുങ്കൽ
50.	എറണാകുളം	—	അർത്തുങ്കൽ
51.	കോഴിക്കോട്	—	പാലക്കയം — എരുമേലി (കാലടി, പെരുമ്പാവൂർ വഴി)
52.	തൃശ്ശൂർ	—	പാലക്കയം — ടി
53.	പാലക്കാട്	—	പാലക്കയം — ടി
54.	ആലുവാ	—	പാലക്കയം — എരുമേലി (മൂവാറ്റുപുഴ വഴി)
55.	എറണാകുളം	—	പാലക്കയം — എരുമേലി (വൈക്കംവഴി)
56.	ആലപ്പുഴ	—	പാലക്കയം — എരുമേലി (ചെങ്ങന്നൂർ ആറന്മുളവഴി)
57.	ഓച്ചിറ	—	എരുമേലി — പാലക്കയം (ചെങ്ങന്നൂർ വഴി)
58.	കൊല്ലം	—	ഓച്ചിറ — എരുമേലി — പാലക്കയം (ചെങ്ങന്നൂർവഴി)
59.	കൊല്ലം		കുന്നിക്കോട് — പാലക്കയം — എരുമേലി
60.	മൗണ്ട് എസ്റ്റേറ്റ്	—	വണ്ടിപ്പെരിയാർ
61.	കോട്ടയം	—	എരുമേലി — പാലക്കയം
62.	കോട്ടയം	—	മല്ലപ്പള്ളി — റാന്നി — പാലക്കയം
63.	കോട്ടയം	—	കുറുച്ചാൽ — മണിമല — എരുമേലി
64.	എരുമേലി	—	പാലക്കയം
65.	തിരുവൻവണ്ടൂർ	—	പാലക്കയം — എരുമേലി (ചെങ്ങന്നൂർ, കുറിയന്നൂർ, കോഴഞ്ചേരി, ചെറുകോൽപ്പുഴ വഴി)
66.	പുനലൂർ	—	പാലക്കയം — എരുമേലി
67.	പത്തനംതിട്ട	—	പാലക്കയം — എരുമേലി
68.	എരുമേലി	—	പാലക്കയം
69.	കൊട്ടാരക്കര	—	കുന്നിക്കോട് — പാലക്കയം — എരുമേലി
70.	തിരുവനന്തപുരം	—	പാലക്കയം — എരുമേലി

LIBRARY ARCHIVES Kerala Legislative Assembly